Reg. No. : ......................................

Name : ...........................................

**FY-408**

**IMPROVEMENT / SUPPLEMENTARY EXAMINATION, JANUARY – 2022**

Part – II

Time : 2 $\frac{1}{2}$ Hours

# മലയാളം

Cool-off time : 20 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ശരിയായ ഉത്തരങ്ങൾ തിരേഞ്ഞെടുത്തെഴുതുക. (2 സ്കോർ വീതം)** **(3 × 2 = 6)**

1. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തിലെ ആശയവുമായി ബന്ധപ്പെട്ട രണ്ടു സൂചനകൾ എടുത്തെഴുതുക.

   - പ്രകൃതിയെ മനുഷ്യൻ കീഴടക്കണം.
   - മണ്ണിനെ സംരക്ഷിച്ചു നിർത്താൻ വേരുകൾക്കു കഴിയും.
   - പ്രകൃതിയോട് ഇണങ്ങിയല്ല, എതിരിട്ടാണ് മനുഷ്യൻ ജീവിക്കേണ്ടത്.
   - വൃക്ഷങ്ങളുടെ നാശം ആഗോളതാപനത്തിനും പ്രകൃതി ക്ഷോഭങ്ങൾക്കും ഇടയാക്കും.

2. “എത്ര ദുർബലയാണ് താൻ ! എത്ര ഹീനയാണ് !” ഇങ്ങനെ ചിന്തിക്കാൻ മിസിസ് നായരെ പ്രേരിപ്പിച്ചതെന്ത് ? രണ്ടു സൂചനകൾ എഴുതുക.

- വെടിയേറ്റു വീണ കുട്ടിയെ രക്ഷിക്കാൻ തോന്നിയില്ല.
- സ്വന്തം കുടുംബജീവിതത്തിന് പ്രാധാന്യം നൽകിയില്ല.
- സ്വാതന്ത്ര്യ സമരത്തോട് സഹകരിച്ചില്ല.
- ദേവീബഹനെ സ്വന്തം വീട്ടിലേക്ക് ക്ഷണിച്ചില്ല.

3. “മോളെന്താ കല്യാണത്തിനു പോകാത്തത് ശ്രീമോൻ കൊറേ നിർബന്ധിച്ചതല്ലിയോ ? പുതുപ്പെണ്ണിനെ കാണാൻ എല്ലാവർക്കും ആശകാണത്തില്ലേ ?” പത്മാവതിയുടെ ഈ വാക്കുകളോടു യോജിക്കുന്ന രണ്ടു പ്രസ്താവനകൾ എഴുതുക.

- സ്ത്രീ ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത് ജീവിക്കണം.
- സ്ത്രീ സ്വയം തീരുമാനം എടുക്കേണ്ടവളാണ്.
- പെൺകുട്ടി ഭർത്താവിനോടൊപ്പം പോകാത്തതിലുള്ള പരിഭവം.
- സ്ത്രീക്ക് സ്വന്തമായ നിലപാടുകൾ വേണം.

4. കവിതയെക്കുറിച്ചുള്ള എം.എൻ. വിജയന്റെ രണ്ടു നിരീക്ഷണങ്ങൾ എടുത്തെഴുതുക.

- ജീവിതവൈചിത്ര്യങ്ങൾ കവിതയിൽ ഉണ്ടാകരുത്.
- അവ്യവസ്ഥിതത്വം കവിതയുടെ സ്വഭാവമാണ്.
- അർഥഗർഭമായി വാക്കുകളെക്കൊണ്ടു നൃത്തം ചെയ്യിക്കലാണ് കവിത.
- എന്തും നേരേ ചൊവ്വേ പറയുന്നതാണ് കവിത.

5. ‘കായലരികത്ത്’ എന്ന ചലച്ചിത്രഗാനത്തിന്റെ രണ്ടു സവിശേഷതകൾ എടുത്തെഴുതുക –

- നാടൻ പദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ചു.
- പാശ്ചാത്യസംഗീതത്തിന്റെ രീതികൾ പിന്തുടർന്നു.
- നാടോടി ഈണങ്ങൾ സ്വീകരിച്ചു.
- പരിഷ്കൃത സമൂഹത്തിന്റെ ഭാഷ ഉപയോഗിച്ചു.

6. ‘മുഹ്‌യുദ്ദീൻമാല’യുമായി ബന്ധപ്പെട്ട രണ്ടു പ്രസ്താവനകൾ എടുത്തെഴുതുക.

- കാലം കൃത്യമായി രേഖപ്പെടുത്തിയ ആദ്യ അറബിമലയാളം കൃതി.
- മോയിൻകുട്ടി വൈദ്യർ രചിച്ചു.
- ശൈഖ് മുഹ്‌യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയുടെ അപദാനങ്ങൾ വാഴ്ത്തുന്നു.
- 20-ാം നൂറ്റാണ്ടിലെ രചന.

**7 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് 1-2 വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. (4 × 2 = 8)**

7. “ഒരു ദുഃസ്വപ്നം പോലെ പാഞ്ഞുമാഞ്ഞുപോം” (ഊഞ്ഞാലിൽ) എന്നു കവി പ്രസ്താവിക്കുന്നത് എന്തിനെക്കുറിച്ചാണ് ?

8. “ഒരേസമയം കരയുകയും ചിരിക്കുകയും ചെയ്ത ഭാരതമാതാവിനെപ്പോലെ” (ലാത്തിയും വെടിയുണ്ടയും) – എന്ന് ദേവീബഹനെ വിശേഷിപ്പിച്ചതിനുള്ള കാരണങ്ങൾ എന്താകാം ?

9. “പൊൻചെമ്പകം പൂത്തകരളു പണ്ടേ കരിഞ്ഞു പോയെങ്കിലും” (സന്ദർശനം) ഈ വരികളിൽ സൂചിതമാകുന്നതെന്ത് ?

10. ‘വേരുകൾ നഷ്ടപ്പെടുത്തുന്നവർ’ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് രണ്ട് ആശയസൂചനകൾ എഴുതുക.

    **മാതൃകഃ വേരുകളിൽ ഔഷധമൂല്യമുണ്ട്.**

11. ‘‘കവിതയിൽ പ്രയോഗിക്കുന്ന പദങ്ങൾക്ക് ആവ്യവസ്ഥിതത്വം എന്ന ഗുണമുണ്ട്.’’ എം.എൻ. വിജയൻ ചൂണ്ടിക്കാട്ടുന്ന രണ്ട് ഉദാഹരണങ്ങൾ എഴുതുക.

12. അമ്മയോടുള്ള കൃഷ്ണന്റെ സ്നേഹം വെളിവാക്കുന്ന രണ്ടു കാവ്യസന്ദർഭങ്ങൾ 'പീലിക്കണ്ണുകൾ' എന്ന പാഠഭാഗത്തു നിന്ന് എഴുതുക.

13. "ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങിനിൽക്കുന്നു" (അനർഘനിമിഷം) ഇവിടെ ആഖ്യാതാവ് സൂചിപ്പിക്കുന്നതെന്ത് ?

14. അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കമല്ല ഉള്ളതെന്ന് മകന് തോന്നിയത് എന്തുകൊണ്ട് ?

**15 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. (5 × 4 = 20)**

15. "എപ്പോഴോ കത്തിത്തീർന്ന ഒരു ചന്ദനത്തിരിയുടെ ഗന്ധമായിരുന്നു മുറിയിൽ" (ഓർമ്മയുടെ ഞരമ്പ്) – ഇത് വൃദ്ധയുടെ പൂർവകാലത്തിലേക്കുള്ള സൂചനയാകുന്നുണ്ടോ ? വ്യക്തമാക്കുക.

16. "ഇരുളിലപ്പോഴുദിക്കുന്നു നിൻ മുഖം

കരുണമാം ജനനാന്തരസാന്ത്വനം" (സന്ദർശനം) പ്രണയിനിയെക്കുറിച്ചുള്ള ഓർമ്മകൾ നായകന് ജനനാന്തരസാന്ത്വനമായിത്തീരുന്നത് എപ്പോഴാണ് ?

17. 'കൂടുതൽ ഉയരത്തിൽ പറക്കുന്നവനേ കൂടുതൽ ദൂരം കാണാനാവൂ' – നമ്മുടെ കാഴ്ചപ്പാടുകൾ വിപുലമാകേണ്ടതിന്റെ ആവശ്യകതയിലേക്ക് ജോനാഥന്റെ ജീവിതം വിരൽ ചൂണ്ടുന്നുണ്ടോ ? വിശദമാക്കുക.

18. "അവൻ

ഒരു കഥയിലും പിടികൊടുത്തില്ല

ഒരു കണ്ണാടിയിലും കാഴ്ചയായില്ല

ഒരു ചന്തയിലും നാണം കെട്ടില്ല"

– മത്സ്യത്തിന്റെ വ്യക്തിത്വത്തെ സംബന്ധിക്കുന്ന എന്തൊക്കെ സവിശേഷതകളാണ് ഇവിടെ വെളിപ്പെടുന്നത് ?

19. “ഉൾക്കിടിലത്തോടെയേ മനുഷ്യന്റെ ഇത്തരം ചെയ്തികൾ കാണാനാകു”. ഇവിടെ എൻ.എ.നസീർ പങ്കുവയ്ക്കുന്ന ആശങ്കയെന്ത് ?

20. “നാട്യപ്രധാനം നഗരം ദരിദ്രം

നാട്ടിൽപുറം നന്മകളാൽ സമൃദ്ധം”

(കുറ്റിപ്പുറത്തു കേശവൻനായർ)

“ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പിവിടേപ്പോൽകാണുമോ വേറെങ്ങാനും ?”

(വൈലോപ്പിള്ളി ശ്രീധരമേനോൻ)

ഗ്രമീണതയെകുറിച്ച് ഇരുകവിതകളിലെയും നിരീക്ഷണങ്ങൾ സമാനത പുലർത്തുന്നുണ്ടോ വ്യക്തമാക്കുക.

21. പെൻസിൽ എന്ന പദത്തിന്നു പകരം തുലികയെന്നു പ്രയോഗിക്കുമ്പോൾ കവിതയ്ക്കു ലഭിക്കുന്ന അർഥസാധ്യതകൾ എന്തൊക്കെയാണെന്നാണ് എം.എൻ.വിജയൻ അഭിപ്രായപ്പെടുന്നത് ? വിശദമാക്കുക.

22. “അരുളുള്ളവനാണ് ജീവി ” – ഈതത്ത്വം ശ്രീനാരായണഗുരു സമർഥിക്കുന്നതെങ്ങനെ ?

23. “പഴഞ്ചൊല്ലുകളും ശൈലികളുമാണ് ‘വാസനാവികൃതി’യുടെ ആഖ്യാനത്തിന് മാറ്റുകൂട്ടുന്നത് ” – ഈ പ്രസ്താവനയോടു യോജിച്ചുകൊണ്ട് രണ്ടു സന്ദർഭങ്ങൾ എഴുതുക.

24. ‘ബൈസിക്കിൾ തീവ്സ് ’ എന്ന ചലച്ചിത്രത്തിൽ, “പണയപ്പീടികയിൽ അട്ടിയട്ടിയായി വച്ചിരിക്കുന്ന പണയവസ്തുക്കൾ” തമ്മിലുണർത്തുന്ന ചിന്തയെന്ത് ?

**25 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(5 × 6 = 30)**

25. "വൃദ്ധയുടെ ജീവിതം തന്നെയാണ് അവർ എഴുതിയ കഥകൾ" – ഓർമ്മയുടെ ഞരമ്പ് എന്ന കഥയെക്കുറിച്ചുള്ള ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? വ്യക്തമാക്കുക.

26. ചെറുതുകളുടെ അതിജീവനം എന്ന ആശയം മത്സ്യം എന്ന കവിതയിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

27. സന്ദർശനം എന്ന കവിതയിൽ അവിഷ്കരിച്ചിട്ടുള്ള ഭൂതകാലം കവിതയുടെ വൈകാരികതയെ എത്രത്തോളം തീക്ഷ്ണമാക്കുന്നുണ്ട് ? വിശദമാക്കുക.

28. "ഏതൊന്നിന്റെയും നിലനില്പുതന്നെ ഭൂമിയിലേക്ക് ആഴത്തിൽ പിടിച്ചുനിർത്തുന്ന വേരുകളിലാണല്ലോ" (വേരുകൾ നഷ്ടപ്പെടുത്തുന്നവർ) മനുഷ്യന്റെ നിലനില്പുമായി ബന്ധപ്പെട്ട് ഈ പ്രസ്താവനയെ ഏങ്ങനെ വ്യാഖ്യാനിക്കാം ?

29. "ഉയിരിൻ കൊലക്കുടുക്കാവും കയറിനെയുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം" (ഊഞ്ഞാലിൽ) ഇവിടെ വെളിപ്പെടുന്ന ജീവിതവീക്ഷണം എന്താണ് ?

30. “എല്ലാവരും ഒരേപോലെ കാണാത്തതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ” (കാവ്യ കലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ) ഉദാഹരണസഹിതം വിശദമാക്കുക.

31. “പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ലയമാണ് അനർഘനിമിഷത്തിലെ അന്തർധാര” – ഈ അഭിപ്രായത്തെ വിലയിരുത്തുക.

32. സ്വന്തം കടമയിൽ നിന്ന് ഒളിച്ചോടിയതിന്റെ നിരാശതയാണോ മിസിസ് തങ്കം നായർ അനുഭവിക്കുന്നത് – വിലയിരുത്തുക.

33. ഹ്രസ്വചിത്ര (short Film) ങ്ങളും ആധാരചിത്ര (Documentary) ങ്ങളും സ്വീകരിക്കുന്ന അവതരണ രീതി വ്യത്യസ്തമാണ്. കൈപ്പാട്, കേൾക്കുന്നുണ്ടോ എന്നീ പാഠഭാഗങ്ങളെ ആസ്പദമാക്കി വിവരിക്കുക.

34. പുറപ്പെട്ടേടത്താ–

ണൊരായിരം കാതമവൾ നടന്നിട്ടും

(സംക്രമണം) – സ്ത്രീ ജീവിതത്തിന്റെ വർത്തമാനാവസ്ഥയുടെ പ്രതിഫലനമാകുന്നുണ്ടോ ഈ വരികൾ ? വിശദമാക്കുക.

**35 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

35. “ ‘ഓർമ്മയുടെ ഞരമ്പ് ’ എന്ന കഥയിൽ സ്വാതന്ത്ര്യം എന്ന ആശയം വ്യത്യസ്തമേഖലകളിലേക്ക് ചെന്നെത്തുന്നുണ്ട്.” ഈ പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.

36. "ചരിത്രത്തെ സർഗ്ഗാത്മകമായി പുനരവതരിപ്പിച്ച നോവലാണ് അഗ്നിസാക്ഷി" – ലാത്തിയും വെടിയുണ്ടയും എന്നപാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

37. "കാലം ചെല്ലുന്തോറും ഊഷ്മളമാകുന്ന ദാമ്പത്യമാണ് 'ഊഞ്ഞാലിൽ' എന്ന കവിതയിൽ അവിഷ്കരിക്കുന്നത് ." ഈ പ്രസ്താവനയെ വിലയിരുത്തുക.

38. ജനപ്രിയ സിനിമകളിലെ ചേരുവകളെ കുറിച്ച് 'സിനിമയും സമൂഹവും' എന്ന ലേഖനത്തെ ആസ്പദമാക്കി വിവരിക്കുക.

---